# നമ്മുടെ നിക്ഷേപം എങ്ങനെ പ്ലാൻ ചെയ്യണം?

**സ്വയം ഒരു നല്ല ഇൻവെസ്റ്റ്മെന്റ് മാനേജരായാൽ കിട്ടുന്നതിൽനിന്നു മിച്ചം പിടിക്കാനും ഭാവിക്കായി ശരിയായി നിക്ഷേപിക്കാനും കഴിയും. അതിന് അറിയേണ്ട കാര്യങ്ങൾ വിശദമാക്കി സമ്പാദ്യം, വനിതാദിനത്തിൽ സംഘടിപ്പിച്ച വെബിനാറിന്റെ പ്രസക്ത ഭാഗങ്ങൾ.**




## എന്താണു പണം?

ജീവിതത്തിലെ ഏറ്റവും വിശ്വസ്തനായ സുഹൃത്താണു പണം. വർഷം മുഴുവൻ, എല്ലാ ദിവസവും നമ്മുടെ പണം നിരന്തരം നമുക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കും. പക്ഷേ, പണം എങ്ങനെ ഫലപ്രദമായി ഉപയോഗിക്കണമെന്ന് നാം അറിയണം. അല്ലെങ്കിൽ പണത്തിന്റെ ശത്രുക്കൾ അതിനെ നശിപ്പിക്കും.

## പണത്തിന്റെ 3 ശത്രുക്കൾ

പണപ്പെരുപ്പം, മോശം ബാധ്യതകൾ, ആസൂത്രണമില്ലായ്മ എന്നിവയാണ് പണത്തിന്റെ മൂന്നു പ്രധാന ശത്രുക്കൾ.

**1. പണപ്പെരുപ്പം** - പണത്തെ കാർന്നു തിന്നുന്ന ചിതലാണിത്. വർഷങ്ങൾ കടന്നു പോകുന്നതനുസരിച്ച് ഈ ചിതൽ മൂലം നമ്മുടെ പണത്തിന്റെ മൂല്യം കുറയും. പണപ്പെരുപ്പത്തെ മറികടക്കുന്ന, വരുമാനം കിട്ടുന്ന മാർഗങ്ങളിൽ നിക്ഷേപിക്കുകയാണ് ഇതിനെ മറികടക്കാനുള്ള വഴി.

കിട്ടുന്ന പലിശയിൽനിന്നു പണപ്പെരുപ്പം കുറച്ചാൽ കിട്ടുന്നതാണ് യഥാർഥ നേട്ടം എന്നത് ഉൾക്കൊണ്ടു വേണം നിക്ഷേപപദ്ധതി തീരുമാനിക്കാൻ. അതായത്, 6% പലിശ കിട്ടുമെങ്കിലും 5% പണപ്പെരുപ്പം കഴിച്ചാൽ യഥാർഥത്തിൽ 1% മാത്രമാണ് ആദായം.


**2. മോശം ബാധ്യതകൾ** - ഇന്ന് വായ്പ എടുക്കാതെ ജീവിക്കാനാകില്ല. പക്ഷേ, വായ്പ രണ്ടു തരം ഉണ്ട്. നല്ലതും ചീത്തയും. മൂല്യം ഉയരുന്ന ആസ്തികൾക്കു വേണ്ടി എടുക്കുന്നത്, ദീർഘകാലയളവിൽ വരുമാനം നൽകുന്നത്, ഭാവിയിൽ വരുമാനം ഉയർത്തുന്നത്, നികുതിയിളവ് ലഭിക്കുന്നത് എന്നിവയെല്ലാം നല്ല കടങ്ങളാണ്. ഉദാ: ഭവന വായ്പയും വിദ്യാഭ്യാസ വായ്പയും.

അതേസമയം വേഗത്തിൽ മൂല്യം കുറയുന്ന വസ്തുക്കൾ വാങ്ങാനോ ആഡംബര ചെലവുകൾക്കായോ എടുക്കുന്ന വായ്പകൾ ചീത്തക്കടങ്ങളാണ്. താങ്ങാനാവാത്ത മാസ തിരിച്ചടവ് ഉള്ളവയും നികുതിയിളവ് ലഭിക്കാത്ത വായ്പകളും ഇക്കൂട്ടത്തിൽപെടുത്താം.

നല്ലതോ ചീത്തയോ ആയാലും എടുത്ത വായ്പ കൃത്യമായി തിരിച്ചടയ്ക്കണം. അനാവശ്യ ചെലവുകൾ ഒഴിവാക്കി, കൂടുതൽ പണം തിരിച്ചടവിന് ഉപയോഗിക്കാനും ശ്രമിക്കണം.

പലിശയായി അടയ്ക്കുന്ന തുക കുറയ്ക്കണമെങ്കിൽ വേഗം വായ്പ തിരിച്ചടയ്ക്കുകയാണു വേണ്ടത്. കാലയളവ് കൂടിയ വായ്പകളിൽ മാസതവണ കുറവാണെങ്കിലും പലിശയിനത്തിൽ വൻതുക നൽകേണ്ടി വരും. വായ്പകൾ വിലയിരുത്തി ഉയർന്ന പലിശയുള്ളവ ആദ്യം അടച്ചുതീർക്കുക. അല്ലെങ്കിൽ, കുറഞ്ഞ പലിശയിലേക്കു മാറ്റാനുള്ള അവസരങ്ങൾ വിനിയോഗിക്കുക.

**3. ആസൂത്രണമില്ലായ്മ** - നമ്മുടെ പണത്തിന്റെ മൂന്നാമത്തെ ശത്രു ആസൂത്രണമില്ലായ്മയാണ്.




**6% (interest rate) – 5%(inflation) = 1% (Real Interest Rate)**